(Pages : 4) **N – 1178**

**Reg. No. : ............................**

**Name : .................................**

## Sixth Semester B.A. Degree Examination, April 2022

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course

## ML 1643 : മലയാളകവിത - ഉത്തരഘട്ടം

## (2018 & 2019 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. ആത്മീയതലത്തിൽ ആശാനിൽ സ്വാധീനം ചെലുത്തിയ വ്യക്തി.

2. ഒരേ ഞെട്ടിൽ വിടർന്ന പുഷ്പങ്ങളായി വിശേഷിപ്പിക്കപ്പെടുന്ന കവികൾ.

3. വള്ളത്തോളിന്റെ ലഘു കവിതാസമാഹാരം ഏത്?

4. 'കറുത്ത ചെട്ടിച്ചികൾ' ആരുടെ കവിതയാണ്?

5. മരണത്തെ വരനായി കൽപ്പിക്കുന്ന ജി. യുടെ കവിത.

6. 'കാച്ചിക്കുറുക്കിയ കവിത' എന്നറിയപ്പെടുന്നത്.

7. 'മേഘരൂപൻ' എന്ന കവിതയിലെ നായകനാര്?

8. 'അമ്മ മലയാളം' എന്ന കവിതയുടെ രചയിതാവ് ആര്?

9. 'ചങ്ങമ്പുഴ കൃഷ്ണപിള്ള - നക്ഷത്രങ്ങളുടെ സ്നേഹഭാജനം' ആരുടെ കൃതിയാണ്?

10. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഥമ അദ്ധ്യക്ഷൻ.

**(10 × 1 = 10 Marks)**

**P.T.O.**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ''തമസ്സാമതിലടിപ്പെട്ടാലകാലമൃത്യു ഫലം'' ഏതിനടിപ്പെട്ടാലാണ് അകാലമൃത്യു ഉണ്ടാവുന്നത്? കാരണമെന്ത്?

12. ''അച്ഛന്റെ തീമൊഴി, അമ്മയുടെ തേൻമൊഴി'' - എന്തിനെയാണ് കവി ഇവിടെ അടയാളപ്പെടുത്തുന്നത്? കാരണമെന്ത്?

13. ''ഉപ്പു ചേർത്താലേ രുചിയുള്ളൂ'' ഒ.എൻ.വി. കുറുപ്പിന്റെ കവിതയിൽ ഉപ്പ് എന്തിനെയെല്ലാം പ്രതീകവൽക്കരിക്കുന്നു?

14. ''മതിമോഹനശുഭനർത്തനമാടുന്നയി, മഹിതേ'' - എന്തിനെയാണ് കവി ഇവിടെ സൂചിപ്പിക്കുന്നത്?

15. ''വരണം വരൻ മാത്രമാസന്നമായിപ്പോയി
വരണം സനാതന നിയമം ലംഘിക്കാമോ?'' - സൂചിതമെന്ത്?

16. ''പരമിതുകളിലൊന്നിലും മറഞ്ഞീ-
ലുര പെറുമാ യുവതാപസന്റെ ദർപ്പം'' - ആരെക്കുറിച്ചാണ് പരാമർശം? വർണ്ണനാഭംഗി വിശദമാക്കുക.

17. ''ആ വഴിയൂടെ നീങ്ങി
മുന്നോട്ടു മന്ദം നമ്മ-
ളാവതും മിണ്ടാതെ, യാ
മന്ദനത്തിന്നടിത്തട്ടിൽ'' - എങ്ങോട്ടുള്ള യാത്രയാണ്? പ്രത്യേകതയെന്ത്?

18. ''മണ്ണിളക്കി മണ്ണിരകളുറങ്ങാതെയാവാം
കൊച്ചു മൺവീടുകൾ വച്ചു രാവിൽ'' - കാവ്യഭംഗി വിശദമാക്കുക.

19. ''ശുദ്ധാശുദ്ധത്തിന്റെ കാര്യമാണേ,
അഭിമാനത്തിന്റെ പ്രശ്നമാണേ'' - വിവക്ഷിതമെന്ത്?

20. ''നീ കൃഷ്ണശിലതൻ താളം! വിണ്ണിലോലുന്ന നീലിമ!'' എന്തിനെപ്പറ്റിയാണ് പരാമർശം?

21. ''പെരുവഴി കണ്മുന്നിലിരിക്കെ
പുതുവഴി നീ വെട്ടുന്നാകിൽ
പലതുണ്ടേ ദുരിതങ്ങൾ'' - എന്തെല്ലാമാണ് ദുരിതങ്ങൾ?

22. കുമാരനാശാന്റെ ഖണ്ഡകാവ്യങ്ങൾ ഏതെല്ലാം?

23. കാല്പനിക കവിതയുടെ ഏതെങ്കിലും അഞ്ച് പ്രത്യേകതകൾ എഴുതുക.

24. പാസ്റ്ററൽ എലിജി എന്നാലെന്ത്?

25. മിസ്റ്റിക് കവിതകളുടെ പ്രത്യേകതയെന്ത്?

26. ആഖ്യാന കവിത എന്നാലെന്ത്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപത്** വാക്കിൽ കവിയാതെ **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

27. വിലാപകാവ്യപ്രസ്ഥാനം എന്നാലെന്ത്? പ്രത്യേകതകൾ അവതരിപ്പിക്കുക.

28. നിയോക്ലാസ്സിസം എന്നാലെന്ത്? വിശദമാക്കുക.

29. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

30. വീണപൂവിൽ അവതരിപ്പിക്കുന്ന ജീവിതദർശനമെന്ത്?

31. 'എന്റെ വേലി' എന്ന കവിതയെ സിംബലിസ്റ്റിക് കാവ്യം എന്ന രീതിയിൽ വിലയിരുത്തുക.

32. ''പരമാർത്ഥത്തിൽപ്പരനും ഞാനും
ഭവാനുമൊന്നല്ലി'' - ഇങ്ങനെ പറയാൻ കാരണമെന്ത്?

33. ''അന്ധർ നിൻ തുമ്പിയോ കൊമ്പോ
പള്ളയോ തൊട്ടിടഞ്ഞിടാം
എനിക്കു കൊതി നിൻ വാലിൻ
രോമം കൊണ്ടൊരു മോതിരം'' - കാവ്യദർശനം വിശദമാക്കുക.

34. സമൂഹത്തിന്റെ മനോഗതങ്ങളെ 'വഴിവെട്ടുന്നവരോട്' എന്ന കവിതയിൽ അവതരിപ്പിക്കുന്നതെങ്ങനെ?

35. ഫെമിനിസ്റ്റ് കവിതയുടെ എന്തെല്ലാം പ്രത്യേകതകളാണ് 'മുറ്റമടിക്കുമ്പോൾ' എന്ന കവിതയിൽ പ്രകടമാകുന്നത്?

36. ''കുറ്റം പറയരുതല്ലോ
പൊങ്ങാത്ത ചില ഭാരങ്ങൾക്ക്
തീരാത്ത ചില വേലകൾക്ക്
എന്നെയും സഹായത്തിനു കൂട്ടാറുണ്ട്.''
- സമകാലിക പശ്ചാത്തലത്തിൽ ഈ വരികളുടെ കാവ്യഭംഗി അവതരിപ്പിക്കുക.

37. ഖണ്ഡകാവ്യത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

38. ''പിറക്കാതിരുന്നെങ്കിൽ
പാരിൽ നാം സ്നേഹിക്കുവാൻ
വെറുക്കാൻ, തമ്മിൽക്കണ്ടു-
മുട്ടാതെയിരുന്നെങ്കിൽ''
- സ്നേഹവും സ്നേഹരാഹിത്യവും കവിതയ്ക്കു നൽകുന്ന ഭംഗിയെന്ത്?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. ആദ്യത്തെ കാല്പനിക കാവ്യമെന്ന നിലയിൽ 'വീണപൂവ്' എന്ന കൃതിയെ വിലയിരുത്തുക.

40. 'ശിഷ്യനും മകനും' എന്ന കവിതയിലെ ശബ്ദങ്ങളുടെ പ്രയോഗവും ആവിഷ്കാരത്തിലെ സൗന്ദര്യവും വിശദമാക്കുക.

41. കാല്പനികതയുടെ ലാവണ്യം ചങ്ങമ്പുഴയുടെ കവിതകളിൽ എങ്ങനെ പ്രകടമാകുന്നു? 'കാവ്യനർത്തകി' എന്ന കാവ്യത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

42. 'യുഗളപ്രസാദൻ' എന്ന കവിത മുന്നോട്ട് വയ്ക്കുന്ന ദർശനം എന്ത്?

43. ആധുനിക കവിതകളുടെ പ്രത്യേകതകൾ എന്തെല്ലാം? വിശദമാക്കുക.

44. സമകാലിക കവിതകളിലെ വിവിധ പ്രവണതകളെ അവതരിപ്പിക്കുക.

**(2 × 15 = 30 Marks)**